# Athmaraksha.org

നമ്മുടെ കടമകളും ഉത്തരവാദിത്വങ്ങളും

## വിദ്യാർത്ഥികളുടെ കാവൽക്കാരാവുക: വിദ്യാഭ്യാസ വിദഗ്ദരോട് പാപ്പാ



പുതിയ കാലത്തിന്റെ വെല്ലുവിളികളെ നേരിടാൻ കുട്ടികളെ പ്രാപ്തരാക്കേണ്ടതിന് അവർക്ക് മൂല്യാധിഷ്ഠിതവിദ്യാഭ്യാസം നൽകണമെന്ന് ഇക്വഡോർ വിദ്യാഭ്യാസപ്രവർ ത്തകരോട് ഫ്രാൻസിസ് പാപ്പാ."ലോകം എന്താണ് നമ്മിൽ നിന്നും ആവശ്യ പ്പെടുന്ന തെന്നും ഈ ലോകത്തിൽ ഓരോരുത്തരുടേയും റോൾ എന്താണെന്നും സ്കൂളുകളും യൂണിവേഴ്സിറ്റികളും അദ്ധ്യാപകരും വിദ്യാർത്ഥികളെ പഠിപ്പിക്കണം. താൻ ചെയ്യുന്ന പ്രവൃത്തികൾ എന്താണെന്നും അവയുടെ അർത്ഥമെന്താണെന്നും പൂർണ്ണ ബോധ്യമുള്ള വരായിരിക്കണം നമ്മൾ. മറ്റുള്ളവരെ സഹോദരങ്ങളായി കാണാൻ അവരെ പഠിപ്പി ക്കണം.

'നിന്റെ സഹോദരനെവിടെ' എന്ന് ദൈവം കായേനോടു ചോദിച്ചത് ചോദ്യം അവരും അഭിമുഖീകരിക്കേണ്ടിവന്നേക്കാം. എന്നാൽ ഞാനാണോ എന്റെ സഹോദരന്റെ കാവൽക്കാരൻ എന്ന മറുപടിയല്ല ദൈവം തിരിച്ച് പ്രതീക്ഷിക്കുന്നത്." ഇക്വഡോർ സന്ദർശിക്കുന്ന ഫ്രാൻസിസ് പാപ്പ അവിടെയുള്ള വിദ്യാഭ്യാസപ്രവർത്തകരോടു സംസാ രിക്കുകയായിരുന്നു.

"വിദ്യാഭ്യാസമാണ് ഒരു രാജ്യത്തിന്റെയും ജനതയുടേയും ഭാവിതന്നെ നിർണ്ണയി ക്കുന്നത്. അടുത്ത തലമുറയുടെ മൂലക്കല്ല് സ്ഥാപിക്കപ്പെടുന്നത് വിദ്യാഭ്യാസ സ്ഥാപന ങ്ങളിലാണ്. ഇപ്പോഴത്തെ തലമുറയിൽനിന്നാണ് വരും തലമുറകൾ പലതും പഠിക്കുന്നത്. അതിനാൽ അവർക്ക് മാതൃകയാകുന്ന പ്രവർത്തനങ്ങൾ ചെയ്യുക. ഈ ലോകത്തിലെ യാഥാർത്ഥ്യങ്ങളെക്കുറിച്ചും നമ്മൾ നേരിടുന്ന വെല്ലുവിളികളെക്കുറിച്ചും അവരെ പഠിപ്പിക്കുക. എല്ലാ കാര്യങ്ങളും സത്യസന്ധതയോടെ ചെയ്യാൻ അവരെ പ്രാപ്തരാ ക്കുക. പ്രകൃതിയെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ബോധവാൻ മാരാ ക്കുക. ഇത് ഒരു നിർദ്ദേശമല്ല, മറിച്ച് ഈ കാലഘട്ടത്തിന്റെ ആവശ്യകതയാണ്." ഇക്വ ഡോറിന്റെ വർത്തമാനവും ഭാവിയും എന്നാണ് പുതിയ തലമുറയെ മാർപാപ്പയെ വിശേഷിപ്പിച്ചത്.